DESPATCHED
On..05/03/2020
7/1/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 141*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **962**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ.രവീന്ദ്രൻ നായർ,
പാർവ്വതീ ഭവൻ, ഇറയംകോട്,
ചെറിയകൊണ്ണി പി.ഒ.,
തിരുവനന്തപുരം – 695 013. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജില്ലാ ഇൻഷ്വറൻസ് ഓഫീസർ,
ജില്ലാ ഇൻഷ്വറൻസ് ഓഫീസ്,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
മൂന്നാം നില, ശാന്തി നഗർ, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
ജില്ലാ ഇൻഷ്വറൻസ് ഓഫീസർ,
ജില്ലാ ഇൻഷ്വറൻസ് ഓഫീസ്,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
മൂന്നാം നില, ശാന്തി നഗർ, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 19.01.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 21.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.രവീന്ദ്രൻ, 19.01.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 21.01.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.141(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് സമയപരിധി കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിനും നാളിതുവരെ യാതൊരു വിവരങ്ങളും/രേഖകളും ലഭിച്ചില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ/രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.11.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, തിരുവനന്തപുരം സംസ്കൃത കോളേജിൽ അദ്ധ്യാപകനായിരുന്ന പോളിസി നമ്പർ 109200197 ആയ കെ.രവീന്ദ്രൻ നായരുടെ പോളിസിയിൽ ഇപ്പോഴുള്ള തുക എത്രയാണെന്നാണ്. തുടർന്ന് 17.12.2018ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 26.04.2019ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 07.11.2018ൽ സമർപ്പിച്ചതായി പറയുന്ന അപേക്ഷ ടി ഓഫീസിൽ ലഭിച്ചതായി കാണുന്നില്ലെന്നും വിവരങ്ങൾ അറിയുവാനുള്ളത് ഏത് വിഷയവുമായി ബന്ധപ്പെട്ടാണ് എന്ന് വ്യക്തത ഇല്ലാത്തതിനാൽ പ്രസ്തുത അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് മറുപടി നൽകുന്നതോടൊപ്പം തുടർ നടപടികൾ സ്വീകരിക്കുമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയും ഒന്നാം അപ്പീലും ടി ഓഫീസിൽ ലഭിച്ചിട്ടില്ലെന്നും ഹർജിക്കാരന്റെ അപേക്ഷ തീർപ്പാക്കുന്നതിന് ആവശ്യമായ പോളിസി സർട്ടിഫിക്കറ്റ് (അസ്സൽ) പാസ്സ്ബുക്ക് എന്നിവ ടിയാൻ നാളിതുവരെ ഹാജരാക്കുകയോ ചെയ്തില്ലെന്നും ആകയാൽ ടിയാന് ടി ഓഫീസിൽ നിന്നും അനുവദിച്ചിട്ടുള്ള പോളിസിയും (അസ്സൽ) പാസ്സ്ബുക്കും ടി ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തീർപ്പാക്കി ഹർജിക്കാരൻ നിർദ്ദേശിക്കുന്ന ബാങ്കിലെ അക്കൗണ്ടിലേയ്ക്ക് തുക ലഭ്യമാക്കുമെന്നുമാണ് അറിയിച്ചത്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

Ge/